# വിദൂര തീരങ്ങൾ

എവിടെയാണീ വഴി –
താരകൾ മുട്ടുന്ന
കവലയെന്നറിയാതെ
യീവഴിയമ്പല –
ത്തകൽ ഞാനേകാന്ത
പഥികനായെത്തുന്നൊ –
രീയർദ്ധരാത്രി തൻ
നീലിമയിൽ

ഒരു കൊച്ചു കൈത്തിരി
വെട്ടവുമായെൻെറ –
യരികിലേയ്ക്കാരാണു
നിന്നെയയച്ചതെ –
ന്നറിവില്ല, യെങ്കിലും
ആ ദയാവായ്പിൻെറ
മുന്നിലനന്തമീ
ശൂന്യതയിൽ

പറയുവാൻ നന്ദിവാ –
ക്കറിയാതെ നിമിഷങ്ങൾ
നിറയും നിതാന്തമീ
മൂകതയിൽ

ഇവിടെ, യീവാടക
മുറിയിൽ നിഴലുകൾ
കഥകളിപ്പദമാടും
ചുവരുകളിൽ

മിഴിനട്ടുറങ്ങാ –
തിരിക്കുമ്പോളറിയുന്നു
അറിവിൻെറ തീരങ്ങ –
ളെത്ര ദൂരെ!

കേരളകൗമുദി 24 ഓഗസ്റ്റ് 1986